**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5031** **28.10.2016 ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. വി. ജോയി | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പച്ചത്തേങ്ങ സംഭരണം ആരംഭിച്ചിട്ടുണ്ടോ; നാളിതുവരെ എത്ര ടൺ ശേഖരിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) 1.1.2013-ൽ ആരംഭിച്ച പച്ചത്തേങ്ങ സംഭരണം തുടർന്നുവരുന്നു. തുടക്കം മുതൽ 15.10.2016 വരെ 149158 ടൺ നാളികേരം സംഭരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ് ഇതിലൂടെ ഉത്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) വെളിച്ചെണ്ണ, കേരജ്യോതി, കേശാമൃതം, നാളികേര പാൽപ്പൊടി, ഡെസിക്കേറ്റഡ് നാളികേരം എന്നിവ ഉല്പാദിപ്പിക്കുന്നു. |
| (സി) പച്ചത്തേങ്ങയുടെ സംഭരണത്തിനായി കൂടുതൽ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) കൂടുതൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) സംഭരിക്കുന്ന പച്ചത്തേങ്ങയുടെ വില വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) പച്ചത്തേങ്ങയുടെ വില കിലോയ്ക്ക് 27 രൂപയായി വർദ്ധിപ്പിക്കുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**